NOVEMBER 2025 | Vol. 4 | Issue:11

"YOU ARE THE LIGHT OF THE WORLD" (MT 5:14)

# The Light

Catholic Doctrines Simplified

*A Joint Venture of*

**DOCTRINAL COMMISSION AND INTERNET MISSION OF THE SYRO MALABAR CHURCH**



## പ്രകാശമായ ദൈവം അന്ധകാരത്തിൽ വസിക്കുമോ?

ഡോ. ലൂക്ക് തടത്തിൽ



Designed and published by
Syro Malabar Church Internet Mission (SMCIM)

Matter prepared by Doctrinal Commission

ദൈവം അന്ധകാരം കൊണ്ട് ആവരണം ചമച്ചു എന്നതിന്റെ അർഥം എന്താണ്? നിറഞ്ഞ അന്ധകാരത്തിലാണ് താൻ വസിക്കുക എന്ന് അവിടുന്ന് അരുളിച്ചെയ്തു എന്ന വചനം നാം എപ്രകാരമാണ് മനസ്സിലാക്കേണ്ടത്? പ്രകാശമായ ദൈവം അന്ധകാരത്തിൽ വസിക്കുമോ? പ്രസ്തുത ചോദ്യങ്ങൾക്ക് നിദാനമായ വചനഭാഗങ്ങൾ ദൈവികപ്രത്യക്ഷീകരണങ്ങളുടെ പശ്ചാത്തലത്തിൽ ഉള്ളവയാണ്. അതിനാൽ ബൈബിൾ തെയോഫനികളെക്കുറിച്ച് പറയുന്നത് എന്തെന്ന് മനസ്സിലാക്കേണ്ടത് അവശ്യമാണ്.



# പ്രകാശമായ ദൈവം അന്ധകാരത്തിൽ വസിക്കുമോ?

### 1. പ്രകാശമായ ദൈവം

വെളിച്ചം സൃഷ്ടിച്ചുകൊണ്ടും വെളിച്ചത്തെ ഇരുളിൽനിന്നു വേർതിരിച്ചുകൊണ്ടുമാണ് സ്രഷ്ടാവായ ദൈവം സൃഷ്ടികർമ്മം ആരംഭിക്കുന്നത് (ഉത്പ 1:3). ദൈവം പ്രകാശമാണെന്നും പ്രകാശത്തിൽ വസിക്കുന്നവനാണെന്നും ബൈബിൾ പറയുന്നു. ''ഇതാണ് ഞങ്ങൾ അവനിൽ നിന്നു കേൾക്കുകയും നിങ്ങളോടു പ്രഖ്യാപിക്കുകയും ചെയ്യുന്ന സന്ദേശം: ദൈവം പ്രകാശമാണ്. ദൈവത്തിൽ അന്ധകാരമില്ല. അവിടുത്തോടു കൂട്ടായ്മയുണ്ടെന്നു പറയുകയും അതേ സമയം അന്ധകാരത്തിൽ നടക്കുകയും ചെയ്താൽ നാം വ്യാജം പറയുന്നവരാകും; സത്യം പ്രവർത്തിക്കുന്നുമില്ല'' (1യോഹ 1:5-6). പഴയനിയമ പ്രവാചകപാരമ്പര്യമനുസരിച്ച് മിശിഹാ വിജാതീയരുടെ ഇടയിലേക്ക് പ്രകാശം കൊണ്ടുവരുന്നവനാണ്. ''എന്റെ രക്ഷ ലോകാതിർത്തിവരെ എത്തുന്നതിന് ഞാൻ നിന്നെ ലോകത്തിന്റെ പ്രകാശമായി നൽകും'' (ഏശ 49: 6). വാഗ്ദാനം ചെയ്യപ്പെട്ട പ്രകാശം താനാണെന്ന് ഈശോ വ്യക്തമാക്കി: യേശു വീണ്ടും അവരോടു പറഞ്ഞു: ''ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും'' (യോഹ 8: 12). ''ദൈവം അപ്രാപ്യമായ പ്രകാശത്തിൽ വസിക്കുന്നവനാണ്: അവിടുന്നു മാത്രമാണ് മരണമില്ലാത്തവൻ. അപ്രാപ്യമായ പ്രകാശത്തിൽ



വസിക്കുന്ന അവിടുത്തെ ഒരുവനും കണ്ടിട്ടില്ല; കാണുക സാധ്യവുമല്ല'' (1 തിമോ 6:16). പന്തക്കുസ്താദിനത്തിൽ പരിശുദ്ധാത്മാവിന്റെ ആഗമനം അഗ്നിരൂപത്തിലായിരുന്നു. ''അഗ്നിജ്വാലകൾപോലുള്ള നാവുകൾ തങ്ങളോരോരുത്തരുടെയുംമേൽ വന്നു നിൽക്കുന്നതായി അവർ കണ്ടു'' (അപ്പ 2:3). ചുരുക്കത്തിൽ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം പ്രകാശമാണെന്നും പ്രകാശത്തിൽ വസിക്കുന്നവനാണെന്നും പഴയനിയമവും പുതിയനിയമവും സാക്ഷ്യപ്പെടുത്തുന്നു.

## 2. പ്രകാശമായ ദൈവം അന്ധകാരത്തിൽ?

ത്രിയേകദൈവം പ്രകാശമാണെന്നുള്ള വിശുദ്ധലിഖിതസാക്ഷ്യം മങ്ങലേൽക്കാതെ നിലകൊള്ളുമ്പോൾതന്നെ നമ്മുടെ ശ്രദ്ധ പതിയേണ്ട ഏതാനും തിരുവചനങ്ങൾ കൂടെയുണ്ട്. ''കെരൂബിനെ വാഹനമാക്കി അവിടുന്നു പറന്നു. കാറ്റിൻെറ ചിറകുകളിൽ അവിടുന്നു പ്രത്യക്ഷനായി. അന്ധകാരംകൊണ്ട് അവിടുന്ന് ആവരണം ചമച്ചു, ജലം നിറഞ്ഞ കാർമേഘങ്ങൾ വിതാനവും'' (2 സാമു 12:11-12); ''അപ്പോൾ സോളമൻ പറഞ്ഞു: കർത്താവ് സൂര്യനെ ആകാശത്തു സ്ഥാപിച്ചു; എന്നാൽ, നിറഞ്ഞ അന്ധകാരത്തിലാണ് താൻ വസിക്കുക എന്ന് അവിടുന്ന് അരുളിച്ചെയ്തു'' (1 രാജാ 8:12); ''അന്ധകാരംകൊണ്ട് അവിടുന്ന് ആവരണം ചമച്ചു; ജലം നിറഞ്ഞ കാർമേഘങ്ങൾകൊണ്ടു വിതാനമൊരുക്കി'' (സങ്കീ 18:11).

ദൈവം അന്ധകാരംകൊണ്ട് ആവരണം ചമച്ചു എന്നതിന്റെ അർഥം എന്താണ്? നിറഞ്ഞ അന്ധകാരത്തിലാണ് താൻ വസിക്കുക എന്ന് അവിടുന്ന് അരുളിച്ചെയ്തു എന്ന വചനം നാം എപ്രകാരമാണ് മനസ്സിലാക്കേണ്ടത്? പ്രകാശമായ ദൈവം അന്ധകാരത്തിൽ വസിക്കുമോ? പ്രസ്തുത ചോദ്യങ്ങൾക്ക് നിദാനമായ വചനഭാഗങ്ങൾ ദൈവികപ്രത്യക്ഷീകരണങ്ങളുടെ പശ്ചാത്തലത്തിൽ ഉള്ളവയാണ്. അതിനാൽ ബൈബിൾ തെയോഫനികളെക്കുറിച്ച് പറയുന്നത് എന്തെന്ന് മനസ്സിലാക്കേണ്ടത് അവശ്യമാണ്. തുടർന്ന് ഈ വചനങ്ങൾ അന്ധകാരം എന്ന പദംകൊണ്ട് അർഥമാക്കുന്നതെന്തെന്നും ഗ്രഹിക്കേണ്ടതുണ്ട്.



## 3. ദൈവിക പ്രത്യക്ഷീകരണങ്ങൾ

മനുഷ്യരുടെ ഭാഷയിൽ വിരചിതമായ ദൈവവചനമാണല്ലോ ബൈബിൾ. മനുഷ്യബുദ്ധിക്ക് പൂർണമായി നിർവചിക്കാനോ മനസ്സിലാക്കാനോ സാധ്യമല്ലാത്ത സത്യമാണ് ദൈവം. അതിനാൽ ദൈവം മനുഷ്യർക്ക് അനുവദിച്ച ആഴമേറിയ ദൈവദർശനങ്ങളുടെയും ദൈവാനുഭവങ്ങളുടെയും അടിസ്ഥാനത്തിലാണ് ബൈബിൾ ദൈവമഹത്വത്തെക്കുറിച്ച് വിവരിക്കുന്നത്. ദൈവത്തിന്റെ പ്രത്യക്ഷീകരണവുമായി ബന്ധപ്പെട്ട് ദൈവശാസ്ത്രജ്ഞർ തെയോഫനി, ക്രിസ്റ്റോഫനി, ആഞ്ചലോഫനി, എപ്പിഫനി എന്നീ പദങ്ങൾ പൊതുവെ ഉപയോഗിക്കാറുണ്ട്. ദൈവം മനുഷ്യർക്ക് സമീപസ്ഥനാകുന്ന അലൗകിക അനുഭവങ്ങളെക്കുറിച്ച് ബൈബിൾ സാക്ഷ്യം നൽകുന്നുമുണ്ട്. പ്രധാനമായും മൂന്നു വിധമായാണ് ദൈവമഹത്വം മനുഷ്യന് അനുഭവവേദ്യമാകുന്നത്: ദർശനം (അഗ്നി, മേഘം, ഇടിമിന്നൽ); ശ്രവണം (ഇടിമുഴക്കം, കാഹളനാദം, മൃദുസ്വരം); സംവേദനം (ഭൂകമ്പം, കൊടുങ്കാറ്റ്). സ്ഥലകാലങ്ങളുടെ പരിമിതികളുള്ള മനുഷ്യന് ദൈവം ഇന്ദ്രിയഗോചരമായി തന്നെത്തന്നെ വെളിപ്പെടുത്തുന്നു. അടയാളങ്ങളുടെയും അത്ഭുതങ്ങളുടെയും കാര്യത്തിൽ എന്നപോലെ ദൈവികപ്രത്യക്ഷീകരണങ്ങളിലും പ്രപഞ്ചശക്തികൾക്കു മേലുള്ള ദൈവികശക്തി വെളിപ്പെടുന്നു.

പഴയനിയമം നൽകുന്ന സൂചനകളനുസരിച്ച് തികച്ചും സ്വാഭാവികമായ പരിസരങ്ങളിൽ ദൈവികപ്രത്യക്ഷീകരണങ്ങൾ സംഭവിക്കാം. മരങ്ങൾക്കും മുൾച്ചെടികൾക്കും (പുറ 3), നീരുറവകൾക്കും (ഉത്പ 16) നദികൾക്കും (ഉത്പ 32) സമീപവും, മലമുകളിലും (പുറ 19) ദൈവം ജനത്തിന് പ്രത്യക്ഷനായി. ദൈവം പ്രത്യക്ഷപ്പെടുമ്പോൾ ശ്രദ്ധേയമായ അടയാളങ്ങളായി ഭൂകമ്പങ്ങൾ, കൊടുങ്കാറ്റുകൾ, അഗ്നി, മഴ, ഇടിമിന്നൽ, മേഘം എന്നിവയും അകമ്പടിയായി വരുന്നു. പ്രത്യക്ഷീകരണം കണ്ടുകൊണ്ട് നിന്നവരിൽ

ഇവയെല്ലാം അത്ഭുതവും സംഭ്രമവും ഭയഭക്തികളും നിറച്ചു. തെയോഫനി എന്നതിനേക്കാൾ ക്രിസ്റ്റോഫനിക്കാണ് പുതിയനിയമം പ്രാധാന്യം നൽകുന്നത്. ഈശോയുടെ രൂപാന്തരീകരണം ഇത്തരമൊരു ക്രിസ്റ്റോഫനിക്ക് ഉദാഹരണമാണ്. മേഘം, മേഘനാദം, അഭൗമികമായ പ്രകാശം, ദൈവസ്വരം എന്നിങ്ങനെ ദൈവികപ്രത്യക്ഷീകരണത്തിന്റെ അടയാളങ്ങളെല്ലാം ആ മലമുകളിൽ സന്നിഹിതമാണ്. തത്തുല്യമായ ദൈവദർശനം ഈശോയുടെ ജ്ഞാനസ്നാനവേളയിൽ ജോർദ്ദാൻ നദിക്കരയിലും സംഭവിക്കുന്നുണ്ട്. പഴയനിയമത്തിലെ തെയോഫനിയെക്കുറിച്ചുള്ള വിവരങ്ങൾ മനസ്സിൽ സൂക്ഷിച്ചുകൊണ്ടുവേണം പ്രകാശമായ ദൈവം അന്ധകാരത്തിൽ വസിക്കുമോ? എന്ന ചോദ്യത്തിലേക്ക് നാം തിരികെപോകാൻ.

## 4. ആവരണം ചെയ്യുന്ന അന്ധകാരവും കനത്തമേഘവും

ഹീബ്രു, ഗ്രീക്ക്, അരമായ ഭാഷകളിൽ വിരചിതമായ വിശുദ്ധഗ്രന്ഥം പ്രസ്തുത ഭാഷകളിലെ സാഹിത്യരൂപങ്ങളെ ധാരാളം ഉപയുക്തമാക്കിയിട്ടുണ്ട്. രൂപകാലങ്കാരങ്ങൾ, ദൃഷ്ടാന്തങ്ങൾ, ഉപമകൾ, പഴഞ്ചൊല്ലുകൾ, കാവ്യഭാഷയുടെ സങ്കേതങ്ങൾ, ആഖ്യാനങ്ങൾ, വിവരണങ്ങൾ എന്നിവ ഉദാഹരണങ്ങളാണ്. മൂലഭാഷകളിലെ ഇത്തരം സാഹിത്യരൂപങ്ങളെ വ്യക്തമായി ഗ്രഹിക്കാതെ നടത്തുന്ന വചനവ്യാഖ്യാനങ്ങൾ വൈകല്യമുള്ളവയായി തീരാനിടയുണ്ട്. അതിനാൽ വ്യാഖ്യാതാക്കൾ അവ്യക്തതയുള്ള വചനങ്ങളുടെ അർഥം ആഴത്തിൽ മനസ്സിലാക്കാൻ ശ്രമിക്കേണ്ടതുണ്ട്.

''അപ്പോൾ സോളമൻ പറഞ്ഞു: കർത്താവ് സൂര്യനെ ആകാശത്തു സ്ഥാപിച്ചു; എന്നാൽ, നിറഞ്ഞ അന്ധകാരത്തിലാണ് താൻ വസിക്കുക എന്ന് അവിടുന്ന് അരുളിച്ചെയ്തു'' (1 രാജാ 8:12) എന്ന തിരുവചനം പരിശോധിക്കാം. ദൈവമായ കർത്താവിന്റെ ഉടമ്പടിപ്പേടകം സോളമൻ രാജാവ് നിർമ്മിച്ച ജറുസലേം ദേവാലയത്തിൽ പ്രതിഷ്ഠിക്കുന്നതാണ് സന്ദർഭം. പുരോഹിതരുടെ നേതൃത്വത്തിൽ ദൈവമായ കർത്താവിന്റെ ഉടമ്പടിപ്പേടകം ശ്രീകോവിലിൽ അതിവിശുദ്ധസ്ഥലത്ത്



എത്തിച്ചു. പുരോഹിതന്മാർ വിശുദ്ധസ്ഥലത്തുനിന്നും പുറത്തിറങ്ങിയപ്പോൾ ഒരു മേഘം കർത്താവിന്റെ ആലയത്തിൽ നിറഞ്ഞു. കർത്താവിന്റെ മഹത്വം ആലയത്തിൽ നിറഞ്ഞുനിന്നപ്പോൾ കനത്ത മേഘം ഒരു മറയായി നിലകൊണ്ടു. ഈ സമയമാണ് സോളമൻ ''രാജാവ് കൂരിരുട്ടിൽ വസിക്കുമെന്ന് കർത്താവ് അരുളിച്ചെയ്തിട്ടുണ്ട്'' എന്ന് ഏറ്റുപറയുന്നത്. സീനായ് മലയിൽ ദൈവം ജനത്തിന് പ്രത്യക്ഷനാകുന്ന സന്ദർഭമാണ് സോളമൻ രാജാവ് ഇവിടെ ഓർത്തെടുക്കുന്നത്. അന്ന് ഇടിമുഴക്കവും കാഹളധ്വനിയും കേൾക്കുകയും മിന്നൽപിണരുകളും മലയിൽ നിന്നുയർന്ന പുകയും കാണുകയും ചെയ്തപ്പോൾ ജനമെല്ലാം ഭയന്നു വിറച്ച് അകലെ മാറി നിന്നു. ''അവർ മോശയോടു പറഞ്ഞു: നീതന്നെ ഞങ്ങളോടു സംസാരിച്ചാൽ മതി; ഞങ്ങൾ കേട്ടുകൊള്ളാം. ദൈവം ഞങ്ങളോടു സംസാരിക്കാതിരിക്കട്ടെ. അവിടുന്ന് സംസാരിച്ചാൽ ഞങ്ങൾ മരിച്ചുപോകും'' (പുറ 20:18-19). ദൈവമഹത്വം നഗ്നനേത്രങ്ങളാൽ കണ്ടാൽ തങ്ങൾ മരിച്ചുപോകും എന്ന് ഭയചകിതരായ ജനത്തിന്റെ പ്രാർത്ഥനയ്ക്കുത്തരമാണ് ദൈവമഹത്വത്തിന് മുമ്പിൽ നിലകൊള്ളുന്ന കനത്തമേഘം. കനത്ത മേഘം ദൈവമഹത്വത്തിനും ജനത്തിനുമിടയിൽ ഒരു തിരശ്ശീലയെന്നവണ്ണം വർത്തിക്കുകയാണ്. പ്രകാശമായ ദൈവം കനത്തമേഘത്തിന് പിറകിൽ ഇപ്രകാരം പ്രത്യക്ഷനാകുന്നതാണ് ദൃഷ്ടാന്തഭാഷയിൽ ''നിറഞ്ഞ അന്ധകാരത്തിലാണ് ദൈവം വസിക്കുക'' എന്ന പ്രയോഗത്തിന്റെയർഥം.

ദൈവം അന്ധകാരമാണെന്നോ, ദൈവം അന്ധകാരത്തിന്റെ അധിനാഥനാണെന്നോ, ദൈവം അന്ധകാരത്തിൽ വസിക്കുന്നെന്നോ ഈ വചനത്തിന് അർഥമില്ല. പകരം ഇത് ദൈവത്തിന് ജനത്തോടുള്ള കരുണയാണ് സുവിദിതമാക്കുന്നത്. പുതിയ തലമുറയ്ക്കായി നിയമം ആവർത്തിക്കുമ്പോൾ മോശ ഇക്കാര്യം പറയുന്നുണ്ട്: ''നിങ്ങൾ അടുത്തുവന്ന് പർവതത്തിൻെറ അടിവാരത്തു നിന്നു. ആകാശത്തോളം ഉയർന്ന അഗ്നിയാൽ



പർവതം ജ്വലിച്ചുകൊണ്ടിരുന്നു. അന്ധകാരവും കനത്തമേഘവും അതിനെ ആവരണം ചെയ്തിരുന്നു. അപ്പോൾ അഗ്നിയുടെ മദ്ധ്യത്തിൽ നിന്ന് കർത്താവു നിങ്ങളോടു സംസാരിച്ചു. നിങ്ങൾ ശബ്ദംകേട്ടു – ശബ്ദം മാത്രം; രൂപംകണ്ടില്ല'' (നിയ 4:11-12). ''അന്ധകാരംകൊണ്ട് അവിടുന്ന് ആവരണം ചമച്ചു; ജലം നിറഞ്ഞ കാർമേഘങ്ങൾകൊണ്ടു വിതാനമൊരുക്കി'' (സങ്കീ 18:11) എന്ന സങ്കീർത്തകന്റെ വചനവും ഇപ്രകാരം അർഥപൂർണ്ണമാണ്. അന്ധകാരവും കനത്തമേഘവും മലയെ ഒരു തിരശീലയെന്നവണ്ണം ആവരണം ചെയ്തു, ജനം മരിക്കാതിരിക്കാൻ.

ഹീബ്രു ഭാഷയിൽ അന്ധകാരത്തെ സൂചിപ്പിക്കാനായി രണ്ടു പദങ്ങളാണ് പ്രധാനമായുമുള്ളത്. 'ഹൊഷെക്ക്', 'അറഫെൽ' എന്നിവയാണവ. ഇതിൽ 'അറഫെൽ' എന്ന പദമാണ് തെയോഫനികളുടെ പശ്ചാത്തലത്തിലുള്ള കനത്ത മേഘത്തെയും അന്ധകാരത്തെയും കുറിക്കുന്നത് (1 രാജാ 8:12; സങ്കീ 97: 2). അന്ധകാരം എന്ന അക്ഷരാർഥത്തിനും അപ്പുറമുള്ള ആത്മീയമായ അർഥതലങ്ങൾ ഉൾക്കൊള്ളുന്ന പദമാണ് ഹീബ്രു ഭാഷയിൽ 'അറഫെൽ' എന്നതും ഇത്തരുണത്തിൽ പ്രസക്തമാണ്. ഭൂമിയിലേക്കിറങ്ങിവരുന്ന ദൈവത്തിന്റെ പ്രത്യക്ഷീകരണത്തിന്റെ അഥവാ തെയോഫനിയുടെ പരിപ്രേക്ഷ്യത്തിൽ വ്യാഖ്യാനിക്കുമ്പോൾ, ''കർത്താവു വാഴുന്നു; ഭൂമിസന്തോഷിക്കട്ടെ! ദ്വീപസമൂഹങ്ങൾ ആനന്ദിക്കട്ടെ! മേഘങ്ങളും കൂരിരുട്ടും അവിടുത്തെ ചുറ്റും ഉണ്ട്; നീതിയും ന്യായവും അവിടുത്തെ സിംഹാസനത്തിന്റെ അടിസ്ഥാനമാണ്. അഗ്നി അവിടുത്തെ മുൻപേ നീങ്ങുന്നു; അത് അവിടുത്തെ വൈരികളെ ദഹിപ്പിക്കുന്നു. അവിടുത്തെ മിന്നൽപ്പിണരുകൾ ലോകത്തെ പ്രകാശിപ്പിക്കുന്നു; ഭൂമി അതുകണ്ടു വിറകൊള്ളുന്നു'' (സങ്കീ 97:1-4) എന്ന സങ്കീർത്തനവചനവും വ്യക്തമാണ്. ഭൂമിസന്തോഷിക്കട്ടെ! ദ്വീപസമൂഹങ്ങൾ ആനന്ദിക്കട്ടെ! മേഘങ്ങളും കൂരിരുട്ടും അവിടുത്തെ ചുറ്റും ഉണ്ട്. അതിനാൽ മരണഭയമില്ലാതെ നമുക്ക് അവിടത്തെ സമീപിക്കാം. നിത്യപ്രകാശമായ ദൈവത്തെ സമീപിക്കാം.

